MR. K. S. JOSEPH (*Thiruvalla VI—General*): ഈ കമ്പനിയിൽ സിങ്കിംഗ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PIALAI: അറിയാൻ പാടില്ല.

MR. K. RAMACHANDRAN: Will the Government be pleased to mention the name of the Company?

HON'BLE MR. T. K. NARAYANA PILLAI: There is one agency. I do not exactly remember the name of the agency.

MR. K. K. CHELLAPPAN PILLAI: ഇതിന്റെ Investment എത്ര രൂപയാണെന്ന് പറയാമോ?

HON'BLE MR. T. K. NARAYANA PILLAI: ഞാൻ വായിച്ചപ്പോൾ മെമ്പർ കേൾക്കേണ്ടിയിരുന്നു.

MR. D. GNANASIGAMONY (*Kalkulam II—General*): May I know whether any Travancorean has come forward to take up the agency?

HON'BLE MR. T. K. NARAYANA PILLAI: Not now. There was originally a Travancorean who came in, who was entrusted with the work but was not able to conduct it properly.

MR. K. RAMACHANDRAN: Are Government aware of the fact that the present management was interested in a firm at Bombay?

HON'BLE MR. T. K. NARAYANA PILLAI: Government are aware of the fact that the present management has an agency working in Bombay. But Government are not convinced that through that agency the interests of the Factory have in no way been retarded.

MR. K. A. MATHEW: ഈ കമ്പനിയുടെ മാനേജ്മെന്റ് ഇങ്കംടാക്സ് കൊടുക്കണമെന്ന് തിരുവിതാംകൂർ ഗവണ്മെന്റിനോടാവശ്യപ്പെട്ടിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI: തിരുവിതാംകൂർ ഗവണ്മെന്റിൽനിന്നും ഇങ്കംടാക്സ് കൊടുക്കേണ്ട ആവശ്യമില്ലെന്ന കാണിച്ച് ബാംബെ ഗവണ്മെന്റിലേക്ക് എഴുത്തുകുത്തുകൾ നടത്തിയിട്ടുണ്ട്. ഇതുവരെ അവസാന തീരുമാനമൊന്നും ഉണ്ടായിട്ടില്ല.

MR. PAUL THALIAT: അവസാനത്തെ കൊല്ലത്തിൽ ഈ കമ്പനിയിൽ നിന്നും നമുക്കു കിട്ടുവാനുള്ള ലാഭം വളരെ കുറഞ്ഞുപോയി എന്നുള്ള വസ്തുത പരമാർത്ഥമാണോ?

HON'BLE MR. T. K. NARAYANA PILLAI: അവസാനകൊല്ലത്തിൽ വാർ കോൺട്രാക്റ്റ് ഒന്നും ഇല്ലായിരുന്നു. അതുകൊണ്ടാണ് കുറവു വന്നത്.

ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്.

*256. MR. MOHAMMED MUSTAFA: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

(എ) ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിലെ ആവശ്യത്തിനുള്ള ടയറുകൾ വാങ്ങുന്നതു് സംബന്ധിച്ചു് ഏതെങ്കിലും കമ്പനിയുമായി ഉടമ്പടി ചെയ്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ ഏതു കമ്പനിയാണു്? എന്താണു് വ്യവസ്ഥകൾ എന്നു വെളിപ്പെടുത്തുമോ?

HON'BLE MR. K. R. ELANKATH : (എ) ഉടമ്പടി ചെയ്തിട്ടുണ്ടു്.

(ബി) 10-6-60 മുതൽ 10 ശതമാനം ഡിസ്കൌണ്ടു് അനുസരിച്ചു് താഴെ പറയുന്ന കമ്പനികൾക്കു് ഉടമ്പടി കൊടുത്തിട്ടുണ്ടു്.

(1) Dunlop Tyre Company.
(2) Goodyear Tyre Company.
(3) Firestone Tyre Company.

ഇതിൻപ്രകാരം ഒരു കൊല്ലത്തേക്കാണു് ഉടമ്പടി കൊടുത്തിട്ടുള്ളതു്.

ഭൂമി പതിച്ചോ കുത്തകപ്പാട്ടമായോ നൽകുന്നതിനുള്ള പദ്ധതി.

*257. MR. MOHAMMED MUSTAFA : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ?

(എ) താമസത്തിനു് സ്വന്തം സ്ഥലമില്ലാത്ത സാധുക്കൾക്കു് ഭൂമി പതിച്ചോ കുത്തകപ്പാട്ടമായോ നൽകുന്നതിനുള്ള ഏതെങ്കിലും പദ്ധതി ഗവണ്മെൻറിൻെറ ആലോചനയിൽ ഉണ്ടോ?

(ബി) ഉണ്ടെങ്കിൽ അതു എപ്പോൾ നടപ്പിൽ വരുമെന്നു പ്രസ്താവിക്കുമോ?

HON'BLE MR. T. K. NARAYANA PILLAI : (എ) ഇല്ല.

(ബി) എയുടെ മറുപടിയിൽനിന്നും ഈ ചോദ്യം ഉൽഭവിക്കുന്നില്ല.

MR. MOHAMMED MUSTAFA : താമസിക്കുന്നതിനു് സ്വന്തം സ്ഥലമില്ലാത്ത ആളുകൾക്കു് എന്തെങ്കിലും സഹായം ചെയ്തു കൊടുക്കണമെന്നുള്ള വസ്തുത ഗവണ്മെൻറിനറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : തീർച്ചയായിട്ടും അറിയാം. ഇതിനായിട്ടു് ഒരു ലാൻറു് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടു്.

MR. MOHAMMED MUSTAFA : ആ കമ്മിറ്റി എന്തെങ്കിലും നടപടി നടത്തിയിട്ടുണ്ടോ?

HON'BLE MR. T. K. NARAYANA PILLAI : ഒരു കമ്മിറ്റിയെ നിയമിച്ചിരിക്കുന്ന സ്ഥിതിക്കു് അവർ പ്രവർത്തനം നടത്തിക്കൊണ്ടു തന്നെയിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly